<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2172 — 8.3.2018 -ൽ മറുപടിയ്ക്ക്

## വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പുതിയ സംരംഭങ്ങൾ

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| 2017-18 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ടൂറിസം മേഖലയിലുണ്ടായ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ; വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന എന്തൊക്കെ പുതിയ സംരംഭങ്ങൾ ആണ് സർക്കാർ ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | 2016 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2017-ൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 5.15 ശതമാനവും ആഭ്യന്തരവിനോദസഞ്ചാരികളുടെ എണ്ണത്തിൽ 11.39 ശതമാനവും മൊത്തത്തിൽ 10.93 ശതമാനവും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സംസ്ഥാന വിനോദസഞ്ചാര വകുപ്പ് വിവിധ ക്യാമ്പയിനുകൾ നടത്തുന്നുണ്ട്. ഗൾഫ് മേഖലയിലെ ടൂറിസ്റ്റുകളെ കേരളത്തിലെത്തിക്കാൻ മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ സൗത്ത് ഈസ്റ്റ് ഏഷ്യൻ ക്യാമ്പയിൻ, യൂറോപ്യൻ രാജ്യങ്ങളായ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിൽ പ്രിന്റ്, ടെലിവിഷൻ എന്നിവയിൽ കേരള ടൂറിസം പരസ്യങ്ങൾ, ഇവിടെ ബസ് ബ്രാന്റിംഗ്, തിയേറ്റർ പരസ്യങ്ങൾ, ജർമ്മനി ITB യിൽ പരസ്യം, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിൽ കേരള ടൂറിസം പരസ്യം, വിദേശ ടൂറിസ്റ്റുകൾക്കായി ബ്ലോഗ് എക്സ്പ്രസ് എന്ന പരിപാടി, വിദേശത്ത് ഔട്ട് ഓഫ് ഹോം പ്രചരണ പരിപാടി, അമേരിക്കയിൽ ഓൺലൈൻ പ്രൊമോഷൻ പരിപാടി എന്നിവ കൂടാതെ വിവിധ രാജ്യങ്ങളിൽ നടത്തുന്ന പ്രമുഖ ട്രേഡ് ഫെയറുകളിൽ കേരള ടൂറിസം പങ്കെടുക്കുകയും വിവിധ രാജ്യങ്ങളിലെ പ്രധാന നഗരങ്ങളിൽ റോഡ് ഷോകളും ബി2ബി മീറ്റുകളും വകുപ്പ് നടത്തുന്നുണ്ട്. വിവിധ വിദേശ രാജ്യങ്ങളിലെ പ്രധാന പത്ര/ദൃശ്യ/മാസികകളിലും വകുപ്പ് പരസ്യം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുകൂടാതെ വിവിധ വിദേശ രാജ്യങ്ങളിലെ ടൂറിസ്റ്റുകൾക്ക് കേരളത്തെക്കുറിച്ച് മികച്ച ചിത്രം ലഭിക്കാൻ ടാനിറ്റ ഫിലിംസുമായി ചേർന്ന് പുതുതായി ഡെസ് ക്യൂബിർ ട്രാവൽഷോയും വകുപ്പ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ